
# ഈ വികസന വേഗതയ്ക്ക് ഒരു മടങ്ങിവരവുണ്ട്

നമുക്ക് ലഭിച്ച സ്വാതന്ത്ര്യം അർത്ഥവത്താകുന്നത് കേന്ദ്രീകൃത അധികാരത്തെ നിർദ്ധാരണം ചെയ്യുമ്പോഴാണെന്ന് ഗാന്ധി മനസ്സിലാക്കിയിരുന്നു. ആ ഗാന്ധിയൻ സമീപനത്തിന് വ്യക്തമായ രൂപം നൽകിയ ജെ.സി. കുമരപ്പ, 'നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ' എന്ന പുസ്തകത്തിലൂടെയാണ് അക്കാര്യങ്ങൾ വിശദമാക്കുന്നത്. ഈ പുസ്തകത്തിന്റെ ആദ്യ മലയാള പരിഭാഷ 1993ൽ ആണ് പുറത്തിറങ്ങുന്നത്. കുമരപ്പ മുന്നോട്ടുവച്ച ഈ ചിന്തകൾ സ്വാതന്ത്ര്യാനന്തരം പാടെ നിരസിക്കപ്പെട്ടതാണ് വർത്തമാനകാല ദുരിതങ്ങൾക്ക് കാരണമെന്ന് പരിഭാഷകനായ

**സി.പി. ഗംഗാധരൻ / കേരളീയം**

**"പുരോഗതിയുടെ പേരിൽ കടപുഴക്കപ്പെടുന്ന സംസ്കാരങ്ങളും ജനവർഗ്ഗങ്ങളും പെരുകിവരുന്ന പശ്ചാത്തലത്തിൽ നിലനിൽപ്പിന്റെ വഴിയേത് എന്ന ചോദ്യത്തിൽ നിന്നും ഇന്ത്യൻ യുവത്വത്തിന് മുഖം തിരിച്ച് നിൽക്കാനാകില്ല" എന്ന് 1993ൽ നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയുടെ ആദ്യ പരിഭാഷയിൽ ഗംഗാധരൻ മാഷ് ആമുഖമായി എഴുതിയിരുന്നു. ഒരു പുനർവായനയ്ക്ക് ശ്രമിക്കുകയാണെങ്കിൽ ഇന്നും ഇതേ അർത്ഥത്തിൽ തന്നേയാണോ ഇപ്പോഴത്തെ യുവതലമുറ കുമരപ്പയെ വായിക്കേണ്ടത്?**

വേറിട്ട ചിന്തസൂക്ഷിച്ചിരുന്ന കുറേ ചെറുപ്പക്കാർ അന്ന് ജെ.സി. കുമരപ്പയുടെ 'നിലനിൽപ്പിന്റെ സമ്പദ് വ്യവസ്ഥ' പരിഭാഷപ്പെടുത്തണം എന്ന ആവശ്യവുമായി എന്നെ സമീപിക്കുകയായിരുന്നു. എന്തുകൊണ്ട് അന്ന് അത്തരത്തിലുള്ള ഒരു ചിന്ത അവരിൽ രൂപപ്പെട്ടു എന്നത് അന്വേഷിക്കേണ്ട കാര്യമാണ്. കുമരപ്പയുടെ ആശയങ്ങൾ പൂർണ്ണമായും പാതളത്തിലേക്ക് ചവിട്ടി താഴ്ത്തപ്പെട്ടു കഴിഞ്ഞ കാലത്താണ് ചെറുപ്പക്കാരുടെ ഭാഗത്ത് നിന്നും കുമരപ്പയെ വീണ്ടെടുക്കുന്നതിനുള്ള ശ്രമം ഉണ്ടായിവന്നത്. ഗാന്ധിയന്മാർ പോലും കുമരപ്പയെക്കുറിച്ച് സംസാരിക്കാതിരുന്ന കാലമായിരുന്നു അത്. അന്ന് ആ കൂട്ടായ്മയിലുണ്ടായിരുന്ന ചെറുപ്പക്കാരെല്ലാം പിന്നീട് പല വഴിക്ക് പിരിഞ്ഞെങ്കിലും അവർ വ്യാപരിക്കുന്ന മേഖലകളിൽ ഇന്നും അത്തരം ചർച്ചകൾ തുടരാൻ അവർക്ക് കഴിയുന്നുണ്ട് എന്നതും ശ്രദ്ധേയമാണ്. 'ജീവരേഖ' എന്ന അവരുടെ പുസ്തക പ്രസിദ്ധീകരണ സംരംഭത്തിന്റെ ആദ്യ പുസ്തകമായിരുന്നു 'നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ'. മുഖ്യധാരയിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുമ്പോഴും ഒറ്റയാകാൻ മടിച്ച ഒരു ചെറിയ കൂട്ടമായിരുന്നു അത്. എണ്ണത്തിൽ കുറവായിരുന്നെങ്കിലും തനിമയുടെ ശബ്ദം കേൾപ്പിക്കണമെന്ന അവരുടെ താത്പര്യമാണ് ഞാൻ നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ പരിഭാഷപ്പെടുത്തുന്നതിന് കാരണമായിത്തീർന്നത്. വഴിമാറി നടക്കാനുള്ള ആ മനസ്സ് ഇന്നും യുവജനങ്ങളിൽ രൂപപ്പെടുന്നുണ്ട്. അത് ലോകത്തെല്ലായിടത്തും എല്ലാക്കാലത്തുമുണ്ടാകും. അവർക്ക് തീർച്ചയായും കുമരപ്പയെ തെരഞ്ഞെക്കേണ്ടിവരും. ചിലപ്പോൾ വളരെ വ്യത്യസ്തമായ മറ്റൊരു ധാരയിൽ നിന്നായിരിക്കും ആ അന്വേഷണമുണ്ടായിവരുന്നത്. തീവ്ര ഇടതുപക്ഷ പ്രവർത്തക



നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥയുടെ മലയാളം ഇംഗ്ലീഷ് പുസ്തകങ്ങൾ

നായിരുന്ന ടി.ജി. ജേക്കബിന്റെ മുൻകൈയിൽ അടുത്തിടെ കുമരപ്പയുടെ ലേഖനങ്ങൾ പുസ്തകരൂപത്തിൽ പുറത്തുവന്നിരുന്നല്ലോ (ബാക് ടു ബേസിക്സ്). കുമരപ്പയുടെ ചിന്തകൾ വീണ്ടെടുക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട് എന്നതിന്റെ സൂചനയായി അതിനെ വിലയിരുത്താം.

നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥ മുന്നോട്ടുവച്ച സമഗ്രമായ ആസൂത്രണ കാഴ്ച്ചപ്പാടുകളിലൂടെയായിരുന്നില്ല സ്വാതന്ത്ര്യാനന്തരം ഇന്ത്യ മുന്നോട്ട് പോയത് എന്നതുകൊണ്ടുതന്നെ കുമരപ്പയുടെ പുനർവായനയ്ക്കുള്ള സാഹചര്യം സ്വാഭാവികമായും സംജാതമായിരിക്കുകയാണ്. മാറി ചിന്തിക്കുന്ന ഓരോ തലമുറയും ഉറപ്പായും അതിലൂടെ കടന്നുപോകും എന്നുതന്നെയാണ് ഞാൻ കരുതുന്നത്. ഈ വികസന വേഗതയിൽ നിന്നും മനുഷ്യന് ഒരു മടങ്ങിവരവുണ്ട് എന്നുതന്നെ ഞാൻ പ്രതീക്ഷിക്കുന്നു. ഇപ്പോൾ പലരും ജൈവകൃഷിയിലേക്കെല്ലാം വ്യാപകമായി തിരിയുന്നുണ്ടല്ലോ. അവർക്ക് മസനോബു ഫുക്കുവോക്കയുടെ ആശയങ്ങൾ ഇന്ന് സഹായകമാകുന്നുണ്ട്. അതുപോലെ തലതിരിഞ്ഞ വികസനത്തെ ചോദ്യം ചെയ്തുകൊണ്ട് വിഭവസംരക്ഷണത്തിനായി പോരാടുന്നവർക്ക് കുമരപ്പയിൽ നിന്നും അല്പം ഊർജ്ജം ഉൾക്കൊള്ളേണ്ടതായിവരും. തീർത്തും പ്രകൃതിവിരുദ്ധമായ സംരംഭങ്ങളിൽ നിന്നും മനുഷ്യർക്ക് പിൻമടങ്ങേണ്ടിവരുന്ന സാഹചര്യം ഏറിക്കൊണ്ടിരിക്കുകയാണ്. പുനഃസൃഷ്ടിക്ക് ആവശ്യമായ വിഭവങ്ങൾ നിലനിർത്തിയാൽ മാത്രമെ ആ പിൻമടക്കം നമുക്ക് അർത്ഥവത്താക്കാൻ കഴിയൂ. അതല്ലെങ്കിൽ, മടങ്ങിവരുന്നവർക്കായി ഇവിടെ ഒന്നും അവശേഷിക്കുന്നുണ്ടാകില്ല.

**കുമരപ്പ ഉപദേശക സമിതി അംഗമായിരുന്ന ഇന്ത്യയുടെ ആസൂത്രണ കമ്മീഷൻ ഇന്ന് ഓർമ്മയായിരിക്കുന്നു. 'നീതി ആയോഗ്' എന്ന നവ പ്ലാനിംഗ് സംവിധാനത്തിലൂടെ ഇന്ത്യയെ സൂപ്പർ പവർ ആക്കുന്നതിനുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടിയിരിക്കുകയാണ് നരേന്ദ്ര മോദി. കുമരപ്പയുടെ ആസൂത്രണ സങ്കൽപ്പങ്ങളിൽ നിന്നും വ്യതിചലിച്ച ഒരു പ്ലാനിംഗ് കമ്മീഷനായിരുന്നു ഇവിടെ നിലനിന്നിരുന്നതെങ്കിലും ഇന്ന് അതിലും കേന്ദ്രീകൃതമായ ഒരു സംവിധാനത്തിലേക്ക് മോദിഭരണത്തിൻ കീഴിൽ ആസൂത്രണ പ്രക്രിയ മാറുകയാണ്. കുമരപ്പയുടെ വികേന്ദ്രീകൃത ആസൂത്രണ സങ്കൽപ്പങ്ങളിൽ ഈ അധികാര കേന്ദ്രീകരണത്തെ പ്രതിരോധിക്കാൻ മാർഗ്ഗങ്ങളുണ്ടോ?**

കുമരപ്പയുടെ ആസൂത്രണ സങ്കൽപ്പങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതിയായിരുന്നു വിഭവങ്ങൾക്ക് മേലുള്ള അധികാരം തദ്ദേശീയമായി വിനിയോഗിക്കപ്പെടണം എന്നത്. വിഭവങ്ങളുടെ മേലുള്ള അധികാരം കേന്ദ്രീകൃതമായി നടപ്പാക്കപ്പെട്ടാൽ അത് അധികാരികൾ ജനവിരുദ്ധമായ രീതിയിൽ വിനിയോഗിക്കും എന്നതിന്റെ പ്രത്യക്ഷ പ്രശ്നങ്ങളാണ് നമ്മൾ ഇന്ന് അഭിമുഖീകരിക്കുന്നതെല്ലാം. കേന്ദ്രീകൃത ഭരണവ്യവസ്ഥ ജനവിരുദ്ധമായിത്തീരും എന്നതാണ് ഇന്ന് ഭരണകൂടഭീകരതയായി നമുക്ക് അനുഭവപ്പെടുന്നത്. ഏകാധിപത്യ സ്വഭാവമുള്ള നരേന്ദ്രമോദിയെപ്പോലുള്ള ഒരാളുടെ കീഴിൽ അത് കൂടുതൽ ഫാസിസ്റ്റ് രൂപങ്ങളിലേക്ക് വഴിമാറും. അധികാര കേന്ദ്രീകരണം വിഭവങ്ങളുടെ കേന്ദ്രീകരണം കൂടിയാണ്. കേന്ദ്രീകൃത ഭരണകൂടത്തിലല്ല, ജനങ്ങളുടെ ശക്തിയിലാണ് കുമരപ്പ വിശ്വസിച്ചിരുന്നത്. അദ്ദേഹം പറയുന്നു, *“ഉത്പാദനത്തിൽ ജനങ്ങൾക്ക് മേൽക്കൈ നേടാനൊരുക്കുന്ന ഒരു സംവിധാനംകൊണ്ടു മാത്രമേ അഹിംസയും സ്ഥിരമായ നിലനിൽപ്പും പുലരുന്ന ഒരു സാമൂഹികക്രമം സാധ്യമാവുകയുള്ളൂ. ഇതിന് സ്വന്തം ചുറ്റുവട്ടത്തിൽ വേണ്ടതെല്ലാമുണ്ടാക്കുകയെന്ന നില വരണം. ഇവിടെ ഉത്പാദനം മൂല്യാധിഷ്ഠിതമാകും. വ്യക്തിത്വവികാസത്തിന് അവസരമുണ്ടാകും. മാനവികസിദ്ധികൾ പാഴായിപ്പോവില്ല. ഉത്പാദനവിതരണങ്ങളുടെ ആധുനികരൂപങ്ങൾ സ്തംഭനമുണ്ടാക്കുന്നുണ്ട്. ജീവിതം ഈ സാഹചര്യത്തിൽ വെറും നില്പായി അധഃപതിക്കും. വീർപ്പുമുട്ടിക്കുന്നതാണ്*


➪ *അങ്ങനെ സൃഷ്ടിക്കപ്പെട്ട വലിയ ഒരു വിടവിലേക്കാണ് മോദി എത്തുന്നത്* ➪

*ഈ സ്ഥിതിവിശേഷം. ഇതു മാറണം. മാറണമെങ്കിൽ മനുഷ്യന്റെ വ്യക്തിത്വത്തിനൂന്നൽ നൽകുന്ന നിർമ്മാണ ശൈലിയും വൈഭവങ്ങളും ഉത്പാദനമേഖലയിൽ പുനഃസ്ഥാപിക്കണം. ഈ മേഖല മുഴുവൻ കീഴടക്കിയിരിക്കുന്ന നാണ്യാധിഷ്ഠിത മൂല്യങ്ങൾ പിഴുതെറിയണം. അപ്പോൾ നൂറു ശൈലികൾ ഒരുമിച്ചു വിടരുന്ന സാംസ്കാരിക മൂല്യങ്ങൾ വീണ്ടുവരും."* (നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥ, പേജ് 41). മനുഷ്യന്റെ വ്യക്തിത്വത്തിനൂന്നൽ നൽകുന്ന വികസനത്തെക്കുറിച്ചാണ് കുമരപ്പ നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥയിൽ ഈ വിധം പറയുന്നത്. ആ സാധ്യതയെയാണ് നാം നിരാകരിച്ചുകൊണ്ടേയിരിക്കുന്നത്. ചെറിയ യൂണിറ്റിലേക്ക് വികസനാസൂത്രണ പ്രക്രിയ എത്തിച്ചേരുന്നതിന് കേന്ദ്രീകൃത ഭരണവ്യവസ്ഥ തടസ്സമായി നിൽക്കുന്നു. നമുക്ക് ലഭിച്ച സ്വാതന്ത്ര്യം അർത്ഥവത്താകുന്നത് കേന്ദ്രീകൃത അധികാരത്തെ നിർദ്ധാരണം ചെയ്യുമ്പോഴാണെന്ന് ഗാന്ധി മനസ്സിലാക്കിയിരുന്നു. ആ ഗാന്ധിയൻ സമീപനത്തിന്റെ തുടർച്ചയായ ഒരു ആസൂത്രണ പ്രക്രിയയെക്കുറിച്ചാണ് കുമരപ്പ നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥയിൽ സംസാരിക്കുന്നത്. അത് സാധ്യമാക്കാൻ കഴിയാതെ പോയതിന്റെ ദുരന്തങ്ങളാണ് മോദിയുടെയെല്ലാം രൂപത്തിൽ ഇന്ന് നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്.

ഗാന്ധിയൻ ധാരയുടെ തുടർച്ച സ്വാതന്ത്ര്യാനന്തരം എവിടെയുമുണ്ടായില്ല. നെഹ്റുവിന്റെ മന്ത്രിസഭയിൽ ഉണ്ടായിരുന്ന പലർക്കും ഉന്നതമായ ആദർശങ്ങളുണ്ടായിരുന്നു. അവരൊന്നും പിന്നീട് നേതൃത്വ സ്ഥാനങ്ങളിലേക്ക് എത്തിയില്ല. നെഹ്റു കുടുംബത്തിലേക്ക് അധികാരം കേന്ദ്രീകരിച്ചു. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന, ജനാധിപത്യബോധമുള്ള പലരും കോൺഗ്രസ്സിൽ നിന്നും അകന്നു. അങ്ങനെ സൃഷ്ടിക്കപ്പെട്ട വലിയ ഒരു വിടവിലേക്കാണ് മോദി എത്തുന്നത്. ആർ.എസ്.എസ് സൃഷ്ടിച്ചെടുത്ത സൗമ്യമായ ഒരു രാഷ്ട്രീയ പൊയ്മുഖം മാത്രമാണ് മോദി. എല്ലാ അധികാരങ്ങളും പ്രധാനമന്ത്രിയിലേക്ക് കേന്ദ്രീകരിക്കുന്ന തരത്തിലുള്ള ഒരു ഭരണസംവിധാനത്തിനാണ് മോദി ശ്രമിക്കുന്നത്. ആസൂത്രണ കമ്മീഷൻ പിരിച്ചുവിട്ടതെല്ലാം അതിന്റെ ഭാഗമായാണ്. സാമ്പത്തിക ഉദാരവത്കരണത്തിന് അനുകൂലമായി നിൽക്കുന്ന ഒരു ആസൂത്രണ കമ്മീഷണായിരുന്നു ഇവിടെയുണ്ടായിരുന്നത് എന്നത് വാസ്തവമാണ്. എന്നാൽ അതിലും കേന്ദ്രീകൃതമായ മോദിയുടെ പുതിയ സംവിധാനം അതിലേറെ അപകടകരമായി ഭവിക്കുമെന്നുറപ്പാണ്. മതത്തിന്റെയും വംശീയതയുടെയും പേരിൽ സൃഷ്ടിച്ചെടുത്ത ഒരു ആൾക്കൂട്ടത്തെ കൂടെ നിർത്തി തന്റെ ചെയ്തികൾക്കെല്ലാം സാധൂകരണം കണ്ടെത്താനാണ് മോദി ശ്രമിക്കുന്നത്. മതപരമായ ഏകീകരണത്തിലൂടെ ഫാസിസം നടപ്പിലാക്കാം എന്ന് കരുതേണ്ട. പലതരത്തിലുള്ള അധികാരരൂപങ്ങൾ അതിലും കടന്നുകൂടും. മധ്യപൂർവ്വേഷ്യയിലെല്ലാം ഇന്ന് അതാണ് സംഭവിക്കുന്നത്.

ചൈനീസ് വിപ്ലവത്തെ തുടർന്നുള്ള ആദ്യനാളുകളിൽ ചൈന ഇത്തരം വികേന്ദ്രീകൃതമായ ഉത്പാദന ശൈലികൾ പിന്തുടർന്നിരുന്നതിനെ ഒരു മാതൃകയായി കുമരപ്പ എടുത്തു പറയുന്നുണ്ട്. 'ജനകീയ ചൈന: ഞാൻ കണ്ടതും അറിഞ്ഞതും' എന്നൊരു ലഘുപുസ്തകം അദ്ദേഹം എഴുതിയിട്ടുമുണ്ട്. വിഭവങ്ങൾക്കുമേൽ പ്രാദേശിക കമ്മ്യൂണുകൾക്കുണ്ടായിരുന്ന അധികാരമായിരുന്നു ചൈനയിൽ അദ്ദേഹത്തെ അത്ഭുതപ്പെടുത്തിയത്. ചൈനയുടെ വളർച്ചയ്ക്ക് അതും കാരണമായിട്ടുണ്ട്. പക്ഷെ ആ വളർച്ച പിന്നീട് പരിധിയില്ലാത്ത വളർച്ചയിലേക്ക് വഴിമാറി. ആഗോളശക്തിയാകണം എന്ന ചിന്ത വന്നതോടെ സൈനീകശേഷി വർദ്ധിപ്പിക്കുകയും ഹീനമായ മുതലാളിത്തത്തിലേക്ക് ചൈന വഴിമാറുകയും ചെയ്തു. ടിബറ്റിന്റെ കാര്യത്തിലെല്ലാം ഇന്ന് ചൈന ചെയ്യുന്നത് ഒരുകാരണവശാലും അംഗീകരിക്കാൻ കഴിയാത്ത കാര്യമാണ്. എന്നാൽ ചൈനീസ് വംശജരുടെ സഹജമായ പ്രയത്നശേഷിയെ മനോഹരമായി സമാഹരിക്കുന്നതിൽ ആദ്യകാല കമ്മ്യൂണുകൾക്ക് കഴിഞ്ഞിരുന്നു.

കേന്ദ്രീകൃത ഭരണവ്യവസ്ഥ ജനവിരുദ്ധമായിത്തീരും എന്നതാണ് ഇന്ന് ഭരണകൂട ഭീകരതയായി നമുക്ക് അനുഭവപ്പെടുന്നത്. ഏകാധിപത്യ സ്വഭാവമുള്ള നരേന്ദ്രമോദിയെപ്പോലുള്ള ഒരാളുടെ കീഴിൽ അത് കൂടുതൽ ഫാസിസ്റ്റ് രൂപങ്ങളിലേക്ക് വഴിമാറും. അധികാര കേന്ദ്രീകരണം വിഭവങ്ങളുടെ കേന്ദ്രീകരണം കൂടിയാണ്. കേന്ദ്രീകൃത ഭരണകൂടത്തിലല്ല, ജനങ്ങളുടെ ശക്തിയിലാണ് കുമരപ്പ വിശ്വസിച്ചിരുന്നത്.



**നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയിലേക്ക് എത്തിച്ചേരുന്നതിനുള്ള ഒരു കർമ്മപരിപാടി എന്ന നിലയ്ക്ക് ജനസേവാസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ആ പുസ്തകം കുമരപ്പ ഉപസംഹരിക്കുന്നത്. നാം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളിലേക്ക് സർക്കാറിനെ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സംഘങ്ങൾ. സംഘത്തിന്റെ രൂപശില്പത്തെക്കുറിച്ചും കുമരപ്പ വിശദമാക്കുന്നുണ്ട്. ആഗോളവത്കരിക്കപ്പെട്ട ഇന്നത്തെ ലോകസാഹചര്യത്തിൽ ഗ്രാമങ്ങളെ കേന്ദ്രീകരിച്ചുള്ള കുമരപ്പയുടെ ഈ ബദൽ പരിപാടികൾ എത്രത്തോളം സാധ്യമാണ്? ഗ്രാമങ്ങൾ നഗരവത്കരിക്കപ്പെടുന്ന ഈ കാലത്ത് ആ സങ്കൽപ്പങ്ങളെ എങ്ങനെയാണ് നമുക്ക് നവീകരിക്കാൻ കഴിയുന്നത്?**

ഗ്രാമങ്ങളുടെ സ്വഭാവത്തിൽ മാറ്റം വന്നു എന്ന് പറയുന്നത് ശരിയാണ്. കുമരപ്പ അദ്ദേഹത്തിന്റെ ആശയങ്ങൾ രൂപപ്പെടുത്തിയിരുന്ന കാലത്ത് മനസ്സിൽ കണ്ടിരുന്ന ഗ്രാമങ്ങൾ ഇന്ന് അതേ സ്വഭാവത്തിൽ നിലനിൽക്കുന്നില്ല. എന്റെ ഈ ഗ്രാമത്തിൽ തന്നെ കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കിടയിൽ വലിയ രീതിയിലുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഞങ്ങളുടെ പുഴയുടെ കാര്യം തന്നെയെടുക്കാം. വേനൽകാലത്ത് കിണറു വറ്റുമ്പോൾ പുഴയിലെ ചെറിയ മണൽദ്വീപുകളിൽ നിന്നും മണ്ണുമാറ്റി തെളിനീരുപോലുള്ള വെള്ളമെടുത്ത് ഞങ്ങൾ ഉപയോഗിച്ചിരുന്നു. പുഴയെ നേരിട്ട് ആശ്രയിക്കുന്നവർ ഇന്ന് കുറവാണ്. പുഴയുമായുള്ള ഗ്രാമീണരുടെ ജൈവബന്ധം നഷ്ടമായി. കുളിക്കാൻ പോലും ആരും ഇപ്പോൾ പുഴ ഉപയോഗിക്കാറില്ല. പഴയ കുളിക്കടവുകളുടെ അടിയിലെല്ലാം അത്രയ്ക്ക് ചെളി അടിഞ്ഞു കൂടിയിരിക്കുകയാണ്. പണ്ട് പുഴയുടെ അടിത്തട്ടിൽ മണൽപരപ്പുകൾ ഉണ്ടായിരുന്നതിനാൽ ചെളി ഒഴുകി പോകുമായിരുന്നു. മണലെടുത്ത് തീർന്നതോടെ ചെളി കെട്ടിക്കിടക്കാൻ തുടങ്ങി. ഇറിഗേഷനുമായി ബന്ധപ്പെട്ടാണ് ഇന്ന് എല്ലാവരും പുഴയെ കാണുന്നത്. തടയണ കെട്ടി നിർത്തി കനാലുകളിലേക്ക് വെള്ളം തിരിച്ചുവിടുന്നുണ്ട്. കനാലിൽ വെള്ളമെത്തുന്നതുകൊണ്ടാണ് ഇന്ന് പല സ്ഥലത്തും കിണറുകൾ നിറയുന്നത്. വയലുകളെല്ലാം നികത്തിയതോടെ കിണറുനിറയാൻ മറ്റ് മാർഗ്ഗമൊന്നും ഇല്ലാതെയായി. ഗ്രാമത്തിലെ ജൈവവ്യവസ്ഥയുടെ കണ്ണികൾ എല്ലാ അർത്ഥത്തിലും മുറിഞ്ഞുപോയിട്ടുണ്ട്. പുറമെ നിന്നുള്ള നാണ്യരൂപത്തിലുള്ള സമ്പത്തിനെ ആശ്രയിച്ചാണ് കേരളത്തിലെ ഗ്രാമങ്ങൾ ഇന്ന് നിലനിൽക്കുന്നത്. പണത്തിന്റെ വരവ് കൂടിയിട്ടുണ്ട്. അതോടെ പുതിയ ടെക്നോളജികൾ വാങ്ങാൻ കഴിയുന്നതരത്തിലുള്ള വാങ്ങൽശേഷി കൂടി. പുതിയ ടെക്നോളജി പഴയ പലതിനെയും റദ്ദുചെയ്തുകൊണ്ടാണ് കടന്നുവരുന്നത്. ടെക്നോളജി മനുഷ്യന്റെ പ്രയത്നശേഷിയെ ക്രമാനുഗതമായി കുറച്ചുകൊണ്ടേയിരുന്നു. അങ്ങനെ അധികമായ മനുഷ്യശക്തി ഹിംസാത്മകമായ ആലോചനകളിലേക്ക് പോകുന്നതായാണ് ഇന്ന് കാണാൻ കഴിയുന്നത്. അങ്ങനെയുണ്ടാകുന്ന ഹിംസകളുടെ പ്രകടിതരൂപങ്ങളാണ് ഇന്ന് ഗ്രാമങ്ങളിൽ പോലും കാണുന്നത്. ഗ്രാമങ്ങളുടെ ചലനവേഗത്തെതന്നെ ഇത് മാറ്റിമറിച്ചിരിക്കുന്നു. ഈ മാറ്റങ്ങൾ മനസ്സിലാക്കിക്കൊണ്ടുതന്നെ കുമരപ്പയുടെ ചിന്തകളെ വികസിപ്പിക്കാനും പരിഷ്കരിക്കാനും കഴിയുമെന്നാണ് ഞാൻ കരുതുന്നത്. അങ്ങനെ ശ്രമിക്കേണ്ടത് ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറിക്കൊണ്ടിരിക്കുകയാണ്.

ജനസേവക സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമസംസ്കാരത്തെ പുനഃസ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുന്ന തര

ത്തിലുള്ള ഒരു പരിപാടി എങ്ങനെ നടപ്പിലാക്കാം എന്നതിന്റെ വ്യക്തമായ പദ്ധതിരേഖ അവതരിപ്പിച്ചുകൊണ്ടാണ് കുമരപ്പ തന്റെ നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ ഉപസംഹരിക്കുന്നത്. ഏറെ മാറിപ്പോയ നമ്മൾ ഇന്നും അതേ മാതൃക പിന്തുടരുന്നതിൽ അർത്ഥമില്ല. അതേസമയം സമഗ്രമായ ഒരു ഇടപെടലിന്റെ ആവശ്യകത ജീവിതത്തിന്റെ സമസ്ത മേഖലകളിലും നടത്തേണ്ടതുണ്ട് എന്ന കുമരപ്പയുടെ വ്യക്തത നമുക്കുമുണ്ടാകണം. നിലനിൽക്കുന്ന ഒരു സാമൂഹിക വ്യവസ്ഥയ്ക്ക് വേണ്ടി ജീവിതത്തിന്റെ നാനാതലങ്ങളിൽ വരുത്തേണ്ടിവരുന്ന വ്യതിയാനങ്ങളെയും ക്രമീകരണങ്ങളെയും കുറിച്ചാണ് കുമരപ്പ പറയുന്നത്. അത്തരം ക്രമീകരണങ്ങളുടെ ആവശ്യകത ഇന്നും നമുക്ക് മുന്നിൽ ശക്തമായി നിലനിൽക്കുന്നുണ്ട്. പ്രവർത്തനപദ്ധതിയായി അത് എങ്ങനെ കൊണ്ടുവരാം എന്നാണ് ആലോചിക്കേണ്ടത്. വിപണിയെ ഏതെല്ലാം വിധത്തിൽ പ്രതിരോധിക്കാം എന്ന കാര്യത്തിനാണ് അതിൽ മുഖ്യപരിഗണന കൊടുക്കേണ്ടത്. വ്യക്തിജീവിതത്തിലേക്കുള്ള വിപണിയുടെ ശക്തമായ കടന്നുകയറ്റം തടയേണ്ടതുണ്ട്. *"യുദ്ധസമാനമായ വിപണിയുടെ സാമ്പത്തികശാസ്ത്രം ഏങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് കുമരപ്പ തന്നെ നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയിൽ നന്നായി വിശദീകരിക്കുന്നുണ്ട്. ഒരു യന്ത്രം അതിന്റെ സാമ്പത്തികമായ ഉത്പാദനക്ഷമത മുഴുവൻ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഒരു ചെരിപ്പു നിർമ്മാണശാല ഉദാഹരണമായെടുക്കുക. ഡിമാന്റ് 300 ജോടി. പക്ഷെ ഉത്പാദനക്ഷമത 500 ജോഡി. അത്രയുമുല്പാദിപ്പിച്ചാലേ ഉല്പാദനച്ചെലവു കുറയ്ക്കാനൊക്കൂ. ലാഭനോട്ടമുള്ള കമ്പനിക്കാരൻ ഉല്പാദനച്ചെലവ് പരമാവധി കുറയ്ക്കാൻ നോക്കും. ഡിമാന്റു നോക്കാതെ 500 ജോഡി തന്നെയുണ്ടാക്കും. പിന്നെ അതിനുവേണ്ട വിപണി കണ്ടെത്താനായി ശ്രമം. മനുഷ്യനെ നിയന്ത്രിക്കുന്നത് യന്ത്രവേഗമാണെന്നും ഡിമാന്റല്ലെന്നും ഇതിൽ നിന്നും മനസ്സിലാവുന്നില്ലേ? അതിനാൽ അധികമായുല്പാദിപ്പിച്ച ചരക്കിന്, യുദ്ധം ചെയ്തു വിപണികൾ കൈയടക്കി ഉപഭോക്താക്കളെയുണ്ടാക്കുന്നു. ഉല്പാദനമാദ്യം നടക്കുന്നു. പിന്നെ ബയണറ്റ് പോയിന്റിൽ ഡിമാന്റുണ്ടാക്കുന്നു. അതിനാൽ യുദ്ധങ്ങളുടെ മൂല്യം കേന്ദ്രീകൃത വ്യവസായങ്ങളാണെന്നു വ്യക്തം."* (പേജ് 107, നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ). കച്ചവടവത്കരണം സൃഷ്ടിച്ചിരിക്കുന്ന പാരതന്ത്ര്യത്തിൽ നിന്നുള്ള മോചനത്തിന് കുമരപ്പയുടെ ഈ ചിന്തകൾ ഇന്നും പുതിയവഴി തെളിക്കുന്നുണ്ട്.

തങ്ങൾ ജീവിക്കുന്നത് ഉത്തമമായ ഒരു ജീവിതമല്ല എന്ന തോന്നൽ ഗ്രാമീണ ജനതയുടെ മേൽ സൃഷ്ടിക്കപ്പെട്ടു. നാഗരികതയുടെ മഹിമയെക്കുറിച്ചുള്ള മനോരാജ്യങ്ങളിലേക്ക് ഗ്രാമീണ മനസ്സുകളെ എത്തിച്ചതിലൂടെയാണ് ആഗോളവിപണി അതിന്റെ അടിത്തറ നിർമ്മിച്ചത്. അതോടെ ലാഭചിന്തയിൽ ഊന്നുന്ന സങ്കുചിത വിചാരങ്ങളിലേക്ക് ജനമനസ്സുകൾ പരിവർത്തനം ചെയ്തു. മൂല്യചിന്തയിൽ പണത്തിന് മുഖ്യസ്ഥാനം വന്നു.

**മായക്കൂട്ടുള്ള നെയ്യുകൊണ്ട് ഹൽവയുണ്ടാക്കി ലോകവിപണിയിൽ മത്സരിക്കാൻ പറയുമ്പോൾ, എന്താണ് ലോക ചന്ത എന്ന് ചോദിക്കുന്ന ഒരമ്മയെക്കുറിച്ചും താനുണ്ടാക്കിയ പായ മോശമാണെന്ന് കരുതി അതിഥിക്ക് ഇരിക്കാൻ അങ്ങാടിയിൽ നിന്നും വാങ്ങിയ പായ കൊടുക്കുന്ന നെയ്ത്തുകാരനെക്കുറിച്ചും കുമരപ്പ നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയിൽ പറയുന്നുണ്ട്. ഇന്ന് അത്തരം വൈരുദ്ധ്യങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. വിപണിയെന്തെന്ന് അറിയാത്ത ആ അമ്മയെ എവിടെയും കാണാൻ കഴിയില്ല. അങ്ങാടി തരുന്നതെല്ലാം നല്ലതാണെന്ന നെയ്ത്തുകാരന്റെ ബോധം പൊതുബോധമായി മാറുകയും ചെയ്തിരിക്കുന്നു. ആഗോളവിപണി അത്രയ്ക്ക് ശക്തമായ ഒരു യാഥാർത്ഥ്യമായിരിക്കെ എന്താണ് ബദൽ?**

അങ്ങാടി തരുന്നതാണ് നല്ലതെന്ന വികലബോധത്തെ ഗ്രാമസമൂഹങ്ങളുടെ മനസ്സുകളിൽ പോലും കുത്തിനിറയ്ക്കാൻ കഴിഞ്ഞു എന്നിടത്താണ് ആധുനിക വിപണിയുടെ വിജയം. അതോടെ അവരവരുണ്ടാക്കുന്ന ഉത്പന്നങ്ങളിൽ ജനങ്ങൾക്ക് മതിപ്പില്ലാതെയായി. തങ്ങൾ ജീവിക്കുന്നത് ഉത്തമമായ ഒരു ജീവിതമല്ല എന്ന തോന്നൽ ഗ്രാമീണ ജനതയുടെ മേൽ സൃഷ്ടിക്കപ്പെട്ടു. നാഗരികതയുടെ മഹിമയെക്കുറിച്ചുള്ള മനോരാജ്യങ്ങളിലേക്ക് ഗ്രാമീണ മനസ്സുകളെ എത്തിച്ചതിലൂടെയാണ് ആഗോളവിപണി അതിന്റെ അടിത്തറ നിർമ്മിച്ചത്. അതോടെ ലാഭചിന്തയിൽ ഊന്നുന്ന സങ്കുചിത വിചാരങ്ങളിലേക്ക് ജനമന

സ്സുകൾ പരിവർത്തനം ചെയ്തു. മൂല്യചിന്തയിൽ പണത്തിന് മുഖ്യസ്ഥാനം വന്നു. ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു കർഷകൻ പോലും ഉത്പന്നങ്ങളുടെ മൂല്യം പണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന അവസ്ഥ സംജാതമായി. *"നാണ്യമൂല്യം ദാർശനികമായ തിമിരമുണ്ടാക്കും. ഈ തിമിരബാധയുള്ളവർ ഇരിക്കുന്ന കൊമ്പിന്റെ കടയും മുറിക്കും. സ്വന്തം വാളാൽ സ്വയംവെട്ടി മരിപ്പൂ മർത്യർ. നിലനിൽപ്പുറപ്പാക്കുന്ന, ഉച്ചര്യംഖലമായ, ദീർഘകാലനയാണ് നമുക്ക് ആവശ്യം. പ്രശ്നത്തിന്റെ പരിഹാരം താല്കാലികം മാത്രമാകരുത്. പ്രശ്നത്തിന്റെ പരിഹാരത്തിന് പിന്നിൽ വീണ്ടും പ്രശ്നം എന്ന മട്ടിൽ സംഗതികൾ നീളാൻ പാടില്ല. വ്യക്തികൃത്യം ഒരിക്കലും ഒറ്റ തിരിഞ്ഞു നിൽക്കുന്നില്ല. ഒരു കൃത്യം മറു കൃത്യങ്ങളായി സമൂഹപരപ്പിൽ അലമാലകൾപോലെ വ്യാപിക്കുന്നുണ്ട്. അവയുടെ വ്യാപ്തിയും ദിശയുമറിയാൻ തക്ക ദീർഘവീക്ഷണം മിക്കവർക്കുമില്ലെന്ന് മാത്രം"* എന്ന് കുമരപ്പ നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥയിൽ പറയുന്നുണ്ട്. (പേജ് 32). നാം തന്നെ ഉത്പാദിപ്പിക്കുന്ന വസ്തുക്കൾക്ക് പണത്തിനുപരിയായി അതിന്റേതായ പലവിധ മൂല്യങ്ങളുണ്ടെന്ന് തിരിച്ചറിയേണ്ട കാലമാണിത്. നമ്മുടെ അടുക്കളകളിൽ നിന്നുപോലും നമുക്കത് തുടങ്ങാം. പൂർണ്ണമായും വിപണിയെ ആശ്രയിച്ച് നിൽക്കുന്ന ഒരു അടുക്കളയാണ് ഇന്ന് മിക്കവർക്കുമുള്ളത്. ഒരുപാട് സാധനങ്ങൾ വാങ്ങിവയ്ക്കാനുള്ളതുകൊണ്ട് തന്നെ അടുക്കളയുടെ വലിപ്പം കൂടിക്കൊണ്ടിരിക്കുന്നു. ആഗോള വിപണി നമ്മുടെ വീടുകളിലേക്ക് എതെല്ലാം വിധത്തിൽ കടന്നുകയറുന്നുണ്ട് എന്ന് തിരിച്ചറിയുകയും പ്രതിരോധിക്കുകയുമാണ് ആദ്യം ചെയ്യേണ്ടത്. ദാരിദ്ര്യത്തെക്കുറിച്ച് പറഞ്ഞുപഠിപ്പിച്ച നിർവ്വചനം തന്നെ അതിനായി മാറ്റിക്കുറിക്കേണ്ടിവരും.

**മനുഷ്യപുരോഗതിയുടെ ജീവശ്വാസമായ സ്വാഭിപ്രകാശന സ്വാതന്ത്ര്യത്തിന്റെ നിഷേധം സംഭവിക്കാത്തതായിരിക്കണം ആസൂത്രണ പ്രക്രിയ എന്ന് കുമരപ്പ പറയുന്നുണ്ട്. എന്നാൽ സ്വതന്ത്ര ഇന്ത്യയിലെ ആസൂത്രണ പ്രക്രിയ ജനങ്ങളുടെ അവകാശങ്ങളെയും സ്വാതന്ത്ര്യങ്ങളെയും നിഷേധിക്കുന്ന തരത്തിലുള്ളതായിത്തീർന്നു. പലവിധ നിയന്ത്രണങ്ങളിലൂടെ പൗരന്മാരെ കൂടുതൽ അച്ചടക്കമുള്ളവരാക്കിത്തീർക്കുകയാണ് ഭരണകൂടം. അസ്വാതന്ത്ര്യത്തിന്റെ ഈ ചങ്ങലകളെ എങ്ങനെയാണ് ഭേദിക്കാൻ കഴിയുക?**

വിഭവങ്ങൾ ഉപയോഗിക്കുന്നതിനുള്ള കർമ്മശേഷി പരിമിതമായ വൃത്തത്തിനുള്ളിലാകുമ്പോൾ സമചിത്തതയോടെയുള്ള ഉപയോഗവും നിയന്ത്രണവും ഉണ്ടാകും എന്നതാണ് കുമരപ്പൻ ആസൂത്രണത്തിന്റെ അടിസ്ഥാനം. ആസൂത്രണം കേന്ദ്രീകൃതമാകുമ്പോൾ അത് ഫാസിസ്റ്റ് രൂപം പ്രാപിക്കുകയും പരാജയപ്പെടുകയും ചെയ്യും എന്നാണ് കുമരപ്പ പറയുന്നത്. ഇക്കാര്യം ഇന്ന് നമുക്ക് കൂടുതൽ ബോധ്യമുള്ളതാണ്. വിഭവ ചൂഷണങ്ങൾക്കെതിരെ ഇന്ന് തദ്ദേശീയജനതയുടെ മുൻകൈയിൽ ഒരുപാട് സമരങ്ങൾ നടക്കുന്നുണ്ടല്ലോ. കുമരപ്പ പറഞ്ഞതുപോലെ കേന്ദ്രീകൃതമായ ആസൂത്രണം എങ്ങനെ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതായി തീരുന്നു എന്നത് സമരം ചെയ്യുന്നവർക്ക് ബോധ്യമാകുന്നുമുണ്ട്. കാരണം, അവരുടെ കൺമുന്നിൽ നടക്കുന്ന വിഭവ ചൂഷണം ഒരിക്കലും അവരുടെ വികാസത്തിന് വേണ്ടിയുള്ളതല്ല എന്ന കാര്യം ഇന്ന് വ്യക്തമാണ്. പാറമടകളുടെയും മണ്ണെടുക്കലിന്റെയും എല്ലാം കാര്യത്തിൽ കേരളത്തിൽ സമരം ചെയ്യുന്ന ഒട്ടേറെപ്പേർക്ക് അനുദിനം ഇക്കാര്യങ്ങൾ ബോധ്യപ്പെട്ടുകൊണ്ടേയിരിക്കുന്നുണ്ട്. അവരെല്ലാം തദ്ദേശീയ വിഭവങ്ങൾക്കുമേൽ തങ്ങൾക്ക് അധികാരം വേണമെന്നാണ് പറയുന്നത്. ആസൂത്രണ പ്രക്രിയയിൽ ഓരോ വ്യക്തിക്കും പങ്കുണ്ടാകുന്ന പദ്ധതിയാണ് കുമരപ്പ വിഭാവനം ചെയ്തിരുന്നത്. അദ്ദേഹം പറയുന്നു, *"ആസൂത്രണം ഉറപ്പാക്കേണ്ടത് മനുഷ്യന്റെ വളർച്ചയ്ക്ക് ആവശ്യമായ ആരോഗ്യകരമായ അവസരങ്ങളാണ്. മുൻധാരണകളുടെ ചട്ടങ്ങളിൽ തട്ടിക്കൂട്ടിയ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുക പ്രകൃതിയുടെ വഴിയല്ല. അത്തരം സമീപനം കൊണ്ടു നമുക്കുകിട്ടുന്നത് നിർബന്ധിത ഫലങ്ങളാണ്. സ്വാഭാവിക വളർച്ചയുടെ ഫലമല്ലാത്തതിനാൽ അവയ്ക്കു നിലനിൽപ്പില്ല. ദീപമാലകളും മറ്റലങ്കാരക്കോപ്പുകളും കെട്ടി ഞാത്തിയ ക്രിസ്തുമസ് മരം കണ്ടിട്ടില്ലേ. മറ്റൊരു മരത്തിൽ നിന്നു വെട്ടിയെടുത്ത്, കൃത്രിമത്വങ്ങൾകൊണ്ട് മോടികൂട്ടിയ അതിന്റെ കാഴ്ചപ്പൊലിമ എത്രനേരത്തേയ്ക്ക്? ഭൗതിക സമൃദ്ധിയുടെ പാത പിന്തുടരുന്ന ആസൂത്രണങ്ങളുടെ ഗതിയിതാണ്"* (പേജ് 44, നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥ).

സ്വാതന്ത്ര്യനിഷേധത്തിന് കാരണമായി ത്തീരുന്ന ആസൂത്രണ പ്രക്രിയയ്ക്ക് തടയിടാൻ കുമരപ്പ മുന്നോട്ട് വയ്ക്കുന്ന വികേന്ദ്രീകരണത്തിന്റെ വഴിതന്നെയാണ് നമ്മളും വികസിപ്പിക്കേണ്ടത്. വികേന്ദ്രീകൃത ആസൂത്ര

ണ പ്രക്രിയയുടെ കാര്യത്തിൽ ഏറെ മുന്നേറിയിട്ടുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ ഗ്രാമസഭകളെ ശക്തിപ്പെടുത്തുന്നതരത്തിൽ വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളും തടസ്സം നിൽക്കുന്നു എന്നതാണ് ഇവിടെ നാം അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നം.


**ഒറ്റവൈക്കോൽ വിപ്ലവം, നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ – മാഷിന്റെ ഈ രണ്ട് പരിഭാഷാ പുസ്തകങ്ങളും തമ്മിൽ പല പാരസ്പര്യങ്ങളും കാണാൻ കഴിയും. കൃഷിയെക്കുറിച്ചും ഗ്രാമസമൂഹത്തിന്റെ സുസ്ഥിരതയെക്കുറിച്ചും ഫുക്കുവോക്കയും കുമരപ്പയും ഒരുപോലെ പറയുന്നുണ്ട്. ഏതാണ്ട് സമാനകാലത്താണ് ഈ രണ്ട് പുസ്തകങ്ങളും മാഷ് പരിഭാഷപ്പെടുത്തുന്നത്. ഇത്തരത്തിലുള്ള ഒരു പാരസ്പര്യം പരിഭാഷ നടത്തുന്ന കാലത്തും അനുഭവപ്പെട്ടിട്ടുണ്ടാകുമല്ലോ അല്ലേ?**

വിഭവ ചൂഷണങ്ങൾക്കെതിരെ ഇന്ന് തദ്ദേശീയജനതയുടെ മുൻകൈയിൽ ഒരുപാട് സമരങ്ങൾ നടക്കുന്നുണ്ടല്ലോ. കുമരപ്പ പറഞ്ഞതുപോലെ കേന്ദ്രീകൃതമായ ആസൂത്രണം എങ്ങനെ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതായി തീരുന്നു എന്നത് സമരം ചെയ്യുന്നവർക്ക് ബോധ്യമാകുന്നുമുണ്ട്. കാരണം, അവരുടെ കൺമുന്നിൽ നടക്കുന്ന വിഭവചൂഷണം ഒരിക്കലും അവരുടെ വികാസത്തിന് വേണ്ടിയുള്ളതല്ല എന്ന കാര്യം ഇന്ന് വ്യക്തമാണ്.

ജൈവബന്ധങ്ങളുടെ തനിമ നിലനിർത്തിക്കൊണ്ടുള്ള ഒരു ആസൂത്രണ പ്രക്രിയയുടെ പ്രാധാന്യത്തെക്കുറിച്ച് പറയുന്ന കുമരപ്പയും, സൃഷ്ടി എന്നത് പ്രകൃതിയുടേത് മാത്രമാണ്, മനുഷ്യൻ ഒന്നും നിർമ്മിക്കുന്നില്ല എന്ന് പറയുന്ന ഫുക്കുവോക്കയും അടിസ്ഥാനപരമായി ഒരേകാര്യമാണ് പറയുന്നത്. ഒറ്റ വൈക്കോൽ വിപ്ലവമാണ് ആദ്യം പരിഭാഷപ്പെടുത്തുന്നതെങ്കിലും കുമരപ്പയിലൂടെ പിന്നീട് കടന്നുപോകുമ്പോൾ അവരുടെ രചനകളിലെ പാരസ്പര്യം എനിക്കും അനുഭവപ്പെട്ടിട്ടുണ്ട്. 1945ൽ തന്നെ കുമരപ്പ രാസകൃഷിയുടെ പ്രശ്നങ്ങൾ തിരിച്ചറിയുകയും നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയിൽ അത് കുറിക്കുകയും ചെയ്തിട്ടുണ്ട്. *"മണ്ണിന്റെ പുഷ്ടി കൂട്ടാനെന്ന പേരിൽ രാസവളങ്ങൾ കൊണ്ടുവരാനൊരു നീക്കം നടക്കുന്നുണ്ട്. ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ ഇവ ഉപയോഗിച്ചതിന്റെ ദൂഷ്യഫലങ്ങൾ നമുക്ക് മുന്നറിയിപ്പാകേണ്ടതാണ്. അവ മണ്ണിനെ ഉത്തേജിപ്പിച്ചു താത്കാലികമായി വലിയ വിളവർദ്ധനവുണ്ടാക്കാം. പക്ഷെ മണ്ണിൽ നിക്ഷിപ്തമായ പുഷ്ടിധന മുഴുവൻ അവ കുറഞ്ഞ കാലത്തിനുള്ളിൽ കൊള്ളയടിക്കുന്നു. പിന്നെ വിളവുമോശമാവും. രാസവളപ്രയോഗം മണ്ണിനെ പുഷ്ടിപ്പെടുത്തുന്ന സൂക്ഷ്മജീവികളെ നശിപ്പിക്കുന്നു. രാസവളങ്ങളുടെ മാരകമായ ദൂഷ്യഫലങ്ങളെ അവഗണിച്ച് വമ്പിച്ച പരസ്യപ്രചാരണങ്ങൾ വഴി അവ വിറ്റഴിക്കാനാണ് വളം മുതലാളിമാർ കൊണ്ടുപിടിച്ചുത്സാഹിക്കുന്നത്."* (പേജ് 92, നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ).

കുമരപ്പയിൽ നിന്നും ഫുക്കുവോക്കയുടെ കാലമെത്തുമ്പോഴേക്കും ജാപ്പനീസ് അനുഭവങ്ങൾ അദ്ദേഹത്തെ കുറേക്കൂടി മുന്നോട്ട് കൊണ്ടുപോയിരുന്നു. രാസവളപ്രയോഗത്തിന്റെ മാത്രമല്ല, യന്ത്രവത്കൃതമാവുകയും വ്യാവസായിക അടിസ്ഥാനത്തിലേക്ക് മാറുകയും ചെയ്ത കൃഷിപ്രകൃതിയുടെ ജൈവികമായ ശേഷികളെ നശിപ്പിക്കുന്നതിനെക്കുറിച്ചും അതിനെ മറികടക്കേണ്ടുന്ന മനുഷ്യസമൂഹത്തിന്റെ അനിവാര്യതയെക്കുറിച്ചുമാണ് ഫുക്കോവോക്ക പറയാൻ ശ്രമിച്ചത്. *"രാസവസ്തുക്കളും യന്ത്രങ്ങളും കൂടാതെ കൃഷി സാധ്യമാണെന്നുവന്നാൽ അവയുടെ ഉത്പാദന വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളും കാര്യസ്ഥതകളും നിലംപൊത്തും. രാസവസ്തുക്കൾ, യന്ത്രോപകരണങ്ങൾ എന്നിവയുടെ ഉത്പാദനമേഖലയിലുള്ള വൻകിട മൂലധന നിക്ഷേപമാണ് സഹകരണസംഘങ്ങളുടെയും കാർഷിക നയരൂപീകരണ വിദഗ്ധന്മാരുടെയും അധികാരപ്രതാപങ്ങൾക്ക് ആധാരം."* (പേജ് 65, ഒറ്റവൈക്കോൽ വിപ്ലവം).

ജീവനെ സൃഷ്ടിക്കുന്ന പ്രകൃതിക്കുമുന്നിൽ മനുഷ്യർ വിധേയരാകേണ്ടത് എന്തുകൊണ്ടെന്ന് ഫുക്കുവോക്ക മനോഹരമായി പറയുന്നു. ഒറ്റവൈക്കോൽ വിപ്ലവം പരിഭാഷപ്പെടുത്തുന്നതിന് മുമ്പ് ഞാൻ ഇവാൻ ഇല്ലിച്ചിന്റെ കുറേ കൃതികൾ വായിക്കുകയും 'വൈദ്യശാസ്ത്രത്തിന്റെ അതിർവരമ്പുകൾ' എന്ന ഒരു പുസ്തകത്തിന്റെ പരിഭാഷയിൽ മുഖ്യപങ്കുവഹിക്കുകയും ചെയ്തിരുന്നു. ഇല്ലിച്ച് വായനകളുടെ തുടർച്ചയും എനിക്ക് കുമരപ്പയിൽ അനുഭവപ്പെട്ടിരുന്നു. 'വിശ്വദർശന' എന്ന പുരോഹിതന്മാരുടെ ഗ്രൂപ്പ് തൃശൂരിൽ സ്ഥിരമായി ഒരു പ്രഭാഷണ പരമ്പര ന



സി.പി. ഗംഗാധരൻ

ടത്തുന്നുണ്ടായിരുന്നു. ആ പരമ്പരയുടെ ഭാഗമായി ഇവാൻ ഇല്ലിച്ചിനെക്കുറിച്ച് സംസാരിക്കണം എന്ന് എന്നോട് അവർ ആവശ്യപ്പെട്ടു. അങ്ങനെയാണ് ഞാൻ ഇല്ലിച്ചിനെ കൂടുതൽ ആഴത്തിൽ വായിക്കാൻ തുടങ്ങുന്നത്. പി.എൻ. ഉണ്ണികൃഷ്ണനാണ് കുറേ പുസ്തകങ്ങൾ സംഘടിപ്പിച്ചുതന്നത്. ഇല്ലിച്ചിനെക്കുറിച്ച് ദീർഘമായ ഒരു പ്രഭാഷണം ഞാൻ വിശ്വദർശനയ്ക്ക് വേണ്ടി നടത്തി. പിന്നീടാണ് പയ്യന്നൂരിലെ പബ്ലിക് ഹെൽത്ത് ഫോറം പ്രവർത്തകർ ഇല്ലിച്ചിന്റെ 'ലിമിട്സ് ടു മെഡിസിൻ' എന്ന പുസ്തകം പരിഭാഷപ്പെടുത്തുന്നതിനുള്ള സഹായങ്ങൾക്കായി എന്നെ സമീപിക്കുന്നത്. ഇല്ലിച്ചിന്റെ ദർശനങ്ങൾക്കും കുമരപ്പയുടേതുമായി വലിയ സാമ്യങ്ങളുണ്ടായിരുന്നു. മനുഷ്യന്റെ സൃഷ്ടിപരമായ സിദ്ധിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വികാസം എങ്ങനെ സാധ്യമാക്കാം എന്നതിനെക്കുറിച്ചാണ് ഇവരെല്ലാം സംസാരിച്ചത്. സൃഷ്ടിപരമായ സിദ്ധികൾക്ക് ഊന്നൽ നൽകാത്ത തരത്തിലുള്ള സാമൂഹികക്രമം സർവ്വനാശത്തിന്റെ വഴികളിൽ ചെന്നെത്തുമെന്നാണ് ഇവരെല്ലാം ഓർമ്മിപ്പിക്കുന്നത്.

**സ്ഥാപനവത്കരിക്കപ്പെട്ട മതത്തിന് എതിരായിരിക്കുമ്പോഴും മതത്തിൽ ദാർശനിക അടിത്തറ തിരഞ്ഞയാളല്ലേ കുമരപ്പ? മതത്തിലെ വിമോചനാത്മക മൂല്യങ്ങളെയും സാമ്പത്തിക ശാസ്ത്ര ദർശനങ്ങളെയും സ്വാംശീകരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നതായി അനുഭവപ്പെട്ടിട്ടുണ്ടോ?**

കുമരപ്പ മതവിശ്വാസിയായിരുന്നു. 'യേശുവിന്റെ ജീവിതവും ദർശനവും' എന്നൊരു പുസ്തകം അദ്ദേഹം എഴുതിയിട്ടുണ്ട്. എനിക്ക് ആ പുസ്തകം വായിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാലും ഗാന്ധിയുടേതിന് സമാനമായ മതവിശ്വാസത്തിന്റെ സത്യനിഷ്ഠകൾ കുമരപ്പയിലും കാണാൻ കഴിയും. പ്രകൃതിയാണ് സൃഷ്ടി എന്ന് ഫുക്കുവോക്ക പറയുന്നുണ്ടല്ലോ. അതുപോലെ മനുഷ്യശരീരത്തിന്റെ നാല് അതിരുകൾക്ക് പുറത്തുള്ള ഒരു ശക്തിയിൽ കുമരപ്പയും വിശ്വസിച്ചിരുന്നു. മനുഷ്യൻ പരിപൂർണ്ണനല്ലെന്നും പ്രകൃതിയുടെ ശക്തിയിലൂടെയാണ് ആ പൂർത്തീകരണം സംഭവിക്കുന്നത് എന്നുമുള്ള, വ്യവസ്ഥാപിത ദൈവസങ്കൽപ്പങ്ങളെ നിഷേധിക്കുന്ന ഒരു വിശ്വാസത്തിന്റെ ഘടകങ്ങൾ കുമരപ്പയുടെ എഴുത്തുകളിൽ കാണാൻ കഴിയും. അതുകൊണ്ടുതന്നെ മതങ്ങൾ മുന്നോട്ടുവച്ച മൂല്യസങ്കൽപ്പങ്ങളെ തന്റെ ആസൂത്രണ പരിപാടിയുടെ ഭാഗമാക്കിത്തീർക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. നല്ല മനുഷ്യരായി ജീവിക്കുന്നതിനായി പൗരാണിക മതഗ്രന്ഥങ്ങൾ മുന്നോട്ടുവയ്ക്കുന്ന ധർമ്മസംഹിതകളും, നിലനിൽക്കുന്ന സമ്പദ്‌വ്യവസ്ഥയ്ക്കാധാരമായി കുമരപ്പ മുന്നോട്ട് വയ്ക്കുന്ന ജീവതക്രമങ്ങളും തമ്മിൽ അനേകം പാരസ്പര്യങ്ങളുള്ളതായി 'നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥ'യിൽ വ്യക്തമായി കാണാം.

**സാമ്പത്തിക ശാസ്ത്രജ്ഞൻ, ആസൂത്രകൻ എന്ന നിലയിലെല്ലാം കുമരപ്പയെ വിലയിരുത്തുകയാണെങ്കിൽ, ഒരു അക്കാദമിക പണ്ഡിതൻ എന്നതിലുപരിയായി വ്യക്തമായ പ്രായോഗിക പദ്ധതികൾ അവതരിപ്പിക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ വ്യക്തിത്വം കൂടി അദ്ദേഹത്തിൽ ഉൾച്ചേർന്നിട്ടുള്ളതായല്ലേ കാണാൻ കഴിയുന്നത്?**

തീർച്ചയായും. നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയിൽ ദാർശനിക ഉൾക്കാഴ്ചകൾക്കൊപ്പം പ്രായോഗിക നിർദ്ദേശങ്ങളും തുല്യപ്രാധാന്യത്തോടെ അദ്ദേഹം അവതരിപ്പിക്കുന്നതായി കാണാം. മൗലികമായ ചിന്തയ്ക്കൊപ്പം എന്താണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ചും അദ്ദേഹത്തിന് വ്യക്തതയുണ്ടായിരുന്നു. ദർശനവും പ്രയോഗവും തമ്മിൽ അന്തരമില്ലാത്തവിധമുള്ള ഒരു പാരസ്പര്യം നിലനിൽപ്പിന്റെ സമ്പദ്‌വ്യവസ്ഥയിൽ നമുക്ക് കാണാൻ കഴിയും. സന്തോഷവും സമൃദ്ധിയുമുള്ള സമ്പൂർണ്ണജീവിതത്തിനായി എന്തുതരം

⇨ *അദ്ദേഹം രാഷ്ട്രപതി മന്ദിരത്തിലേക്ക് കുതിരവണ്ടിയിൽ എത്തിയത് അതിന് തെളിവാണ്* ⇨

## ജോസഫ് കൊർണേലിയസ് കുമരപ്പ: ഒരു ലഘു ജീവചരിത്രം

1892ൽ തമിഴ്നാട്ടിലെ തഞ്ചാവൂരിൽ ജനനം. മാതാപിതാക്കൾ ശ്രീലങ്കൻ പൗരന്മാർ. 1910–1919 വരെയുള്ള കാലയളവിൽ മദ്രാസിലും ലണ്ടനിലുമായി വിദ്യാഭ്യാസം. മദ്രാസ് ഡോവെട്ടൺ കോളേജിൽ നിന്ന് ചരിത്രത്തിൽ ബിരുദം. ലണ്ടനിൽ അക്കൗണ്ടിങ്ങിലും അനുബന്ധവിഷയങ്ങളിലും പഠനം. 1919–1927 വരെ ബോംബെയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് കമ്പനി സ്വന്തമായി ആരംഭിച്ചു. 1927–29 വരെയുള്ള രണ്ടുവർഷം അമേരിക്കയിൽ സാമ്പത്തികശാസ്ത്ര പഠനം. തിരികെവന്ന് ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തുന്നു. ഗാന്ധിയുടെ അഭ്യർത്ഥന മാനിച്ച് ഗുജറാത്തിലെ മാതേർ താലൂക്കിൽ സാമ്പത്തിക സർവ്വേ നടത്തി. 1930–33 വരെയുള്ള കാലം കുമരപ്പയുടെ വിവിധ പഠനങ്ങൾ പ്രസിദ്ധീകരിക്കപ്പെടുന്നു. ഡോക്ടറൽ പ്രബന്ധമായ *പബ്ലിക് ഫിനാൻസ് ആന്റ് പൊവർട്ടി* പുറത്തിറങ്ങി. ഇതേ നാളുകളിൽ തന്നെ ബോംബെയിലെ ജോലി ഉപേക്ഷിക്കുകയും ദേശീയ സ്വാതന്ത്ര്യത്തിലേക്ക് കൂടുതൽ അടുക്കുകയും ചെയ്തു. ഏതാനും മാസം ജയിൽവാസം അനുഷ്ഠിക്കുന്നു. ഗ്രാമീണ വ്യവസായത്തെ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിക്കപ്പെട്ട അഖിലേന്ത്യാ ഗ്രാമീണ വ്യവസായ സംഘത്തിന്റെ സംഘാടക സമിതി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു (1934). വർദ്ധ കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിക്കുന്നു, *പബ്ലിക് ഡെബ്റ്റ് ഓഫ് ഇന്ത്യ* എന്ന പുസ്തകം ആൾ ഇന്ത്യ കോൺഗ്രസ് കമ്മിറ്റി പ്രസിദ്ധീകരിക്കുന്നു. *വൈ വില്ലേജ് മൂവ്മെന്റ്?* വർദ്ധയിൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1939ൽ സെൻട്രൽ പ്രൊവിൻസിലെ 600 വില്ലേജുകളിൽ സാമ്പത്തിക സർവ്വേ നടത്തുന്നതിന്റെ നേതൃത്വം ഏറ്റെടുത്തു. സമാനമായ സർവ്വേ വടക്കു-പടിഞ്ഞാറൻ അതിർത്തി പ്രദേശങ്ങളിലും കുമരപ്പയുടെ നേതൃത്വത്തിൽ നടന്നു. ഇന്ത്യൻ ഗ്രാമങ്ങളുടെ സാമ്പത്തിക സ്ഥിതി മനസിലാക്കുന്നതിൽ ഈ സർവ്വേകൾ ഉപകാരപ്പെട്ടു. 1942ൽ ഓക്സ്ഫോർഡ് യൂണിവേർസിറ്റി പ്രസിദ്ധീകരിച്ച *ദ എക്കണോമിക് ബാക്ക്ഗ്രൗണ്ട്* എന്ന ഗ്രന്ഥത്തിന്റെ അഞ്ച് രചയിതാക്കളിൽ ഒരാൾ. 1943–45 കാലഘട്ടത്തിൽ വീണ്ടും തടവറയിൽ. കുമരപ്പയുടെ മാസ്റ്റർപീസ് എന്നുവിളിക്കാവുന്ന *എക്കണോമി ഓഫ് പെർമനെൻസ്* 1945ൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1949ൽ *റിപ്പോർട്ട് ഓഫ് കോൺഗ്രസ് അഗ്രേറിയൻ റിഫോംസ് കമ്മറ്റി* തയ്യാറാക്കി. കോൺഗ്രസ് തന്നെ ഈ പ്രബന്ധത്തെ അവഗണിച്ചു. *ഗാന്ധിയൻ എക്കണോമിക് തോട്ട്*1951ൽ ബോംബെയിൽ വെച്ച് പ്രസിദ്ധീകരിച്ചു. 1952ൽ നെഹ്റുവിന്റെ സാമ്പത്തിക നയങ്ങളിൽ പ്രതിഷേധിച്ച് ആർത്ഥിക് സമതാ മണ്ഡൽ രൂപീകരിച്ചു. 1953ൽ വർദ്ധയിൽ നിന്ന് വിരമിക്കുകയും മധുരൈയിലെ ഗാന്ധിനികേതനിൽ താമസമാക്കുകയും ചെയ്തു. 1960 ജനുവരി 30ന് അന്ത്യം.

പദ്ധതികളാണ് വേണ്ടതെന്നും എന്തെല്ലാമാണ് വേണ്ടാത്തതെന്നുമുള്ള വ്യക്തതയായിരുന്നു കുമരപ്പയിലെ പ്രായോഗികന്റെ കരുത്ത്. അദ്ദേഹം എഴുതുന്നു, "*ജനങ്ങളുടെ നിലനന്നാക്കാൻ കേന്ദ്രീകൃതമായ വൻകിട ഉത്പാദന സംവിധാനമാണ് ഉപകരിക്കുക എന്നൊരു ധാരണ നിലവിലുണ്ട്. ഈ ഉത്പാദന ശൈലിയുടെ ഉള്ളടക്കം അടിമുടിയുള്ള യന്ത്രവത്കരണമാണ്. പരിശോധിച്ചുനോക്കേണ്ടതാണ് ഈ സങ്കൽപ്പം. സാമ്പത്തികമായ ഉത്പാദനം നാനാഘടകങ്ങളുടെ ശരിയായ സംയോജനമാണ്. അത്തരം ഘടകങ്ങളിൽ പ്രധാനം വിഭവം, മൂലധനം, അധ്വാനം എന്നിവയാണ്. സ്ഥിതി സാഹചര്യങ്ങളുടെ വ്യത്യാസമനുസരിച്ച് ഇവയുടെ ചേരുവ ഓരോ രാജ്യത്തും ഓരോ വിധമാകാം. ബ്രിട്ടണിൽ വ്യവസായ വിപ്ലവത്തിന്റെ കാലത്തു മൂലധനം സുലഭമായിരുന്നു. അതിനാൽ ഉത്പാദന പ്രക്രിയയിൽ അതു പ്രധാനമായി. യു.എസ്. എയിൽ പ്രകൃതിവിഭവങ്ങൾ വേണ്ടതിൽക്കൂടുതലായിരുന്നു. അദ്ധ്വാനശക്തി കുറവായിരുന്നതിനാൽ അവർ യന്ത്രങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്തു. അത്തരമൊരു ക്രമീകരണം അദ്ധ്വാനലാഭമുണ്ടാക്കും. അദ്ധ്വാനലാഭമെന്നാൽ തൊഴിൽ നഷ്ടമാണെന്നോർക്കണം. അതിനാൽ മൂലധനം കുറവും അദ്ധ്വാനശക്തി കൂടുതലുമുള്ള നമ്മുടെ നാട്ടിൽ അമേരിക്കയുടെയോ ബ്രിട്ടന്റെയോ സമ്പ്രദായങ്ങൾ അസ്ഥാനത്താണെന്ന് പറയേണ്ടതില്ലല്ലോ.*" (പേജ് 82, നിലനിൽപ്പിന്റെ സമ്പദ്വ്യവസ്ഥ).

ദാർശനികനും പ്രായോഗികനും ഇഴുകിച്ചേരുന്നതിന്റെ ഇത്തരം ഗുണകരമായ പ്രതിഫലനങ്ങൾ കുമരപ്പയുടെ എഴുത്തുകളിൽ നമുക്ക് കാണാൻ കഴിയും. പ്രവൃത്തിയിലും അദ്ദേഹം അങ്ങനെതന്നെയായിരുന്നു. പ്ലാനിംഗ് കമ്മീഷൻ ഉപദേശക സമിതി യോഗത്തിൽ പങ്കെടുക്കുന്നതിനായി അദ്ദേഹം രാഷ്ട്രപതി മന്ദിരത്തിലേക്ക് കുതിരവണ്ടിയിൽ എത്തിയത് അതിന് തെളിവാണ്. മന്ദിരത്തിന്റെ കവാടത്തിൽ വച്ച് കുതിരവണ്ടി തടയപ്പെട്ടു. യന്ത്രവണ്ടിയായിരുന്നെങ്കിൽ ആ ഗതിയുണ്ടാകുമായിരുന്നില്ല. എന്നാൽ യന്ത്രവണ്ടി ഉപേക്ഷിക്കുക എന്നത് കുമരപ്പയ്ക്ക് അദ്ദേ

ഹത്തിന്റെ ദർശനങ്ങളുടെ തുടർച്ചയായ ഒരു ജീവിതപദ്ധതിയായിരുന്നു. ദർശനവും പ്രയോഗവും ഒരുമിച്ച് കൊണ്ടുപോകുന്ന ഗാന്ധിയുടേതിന് സമാനമായ ഒരു ജീവിതരീതി കുമരപ്പയും പിന്തുടർന്നിരുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ തന്റെ ദർശനങ്ങൾക്ക് ഇടം കണ്ടെത്താനുള്ള ശ്രമങ്ങളിൽ നിന്നും പലകാരണങ്ങളാലും ഗാന്ധി പിന്മാറിയെങ്കിൽ കുമരപ്പ അതിനുവേണ്ടി ഒരുപാട് പരിശ്രമിച്ചു. പക്ഷെ പ്ലാനിംഗ് കമ്മീഷൻ ഉപദേശക സമിതി അംഗം എന്ന നിലയിലും അഗ്രേറിയൻ റിഫോംസ് കമ്മിറ്റി ചെയർപേഴ്സൺ എന്ന നിലയിലുമെല്ലാം അദ്ദേഹം നടത്തിയ ശ്രമങ്ങൾക്ക് ദ്രുതഗതിയിലുള്ള വ്യാവസായിക വളർച്ച മാത്രം സ്വപ്നം കണ്ടിരുന്ന ഭരണകൂടത്തിൽ നിന്നും വലിയ തിരിച്ചടിയാണുണ്ടായത്. ഒരുപക്ഷെ രാഷ്ട്രപതി മന്ദിരത്തിന്റെ കവാടത്തിൽ വച്ച് അദ്ദേഹത്തിന്റെ കുതിരവണ്ടി തടയപ്പെട്ട ആ നിമിഷത്തിൽ തന്നെ കുമരപ്പയ്ക്ക് ഇന്ത്യയുടെ പോക്കിനെക്കുറിച്ച് ഒരു ധാരണ ലഭിച്ചിരിക്കാൻ ഇടയുണ്ട്.

**സാർത്രിൽ നിന്നായിരുന്നല്ലോ മാഷിന്റെ തുടക്കം. ആദ്യമായി മലയാളത്തിൽ സാർത്രിന്റെ ദർശനങ്ങൾ പരിചയപ്പെടുത്തി. അവിടെ നിന്നും പിന്നീട് ഇല്ലിച്ചിലേക്കും ഫുക്കുവോക്കയിലേക്കും കുമരപ്പയിലേക്കും എത്തുന്നു. അസ്ഥിത്വ ദർശനത്തിൽ നിന്നും പ്രകൃതിയിലേക്കുള്ള മടക്കത്തെ എങ്ങനെയാണ് വിലയിരുത്തുന്നത്?**

തൃശൂരിൽ ഞാൻ ബി.എഡിന് പഠിച്ചിരുന്ന സമയത്ത് കോളേജിൽ നല്ല ലൈബ്രറിയുണ്ടായിരുന്നു. അവിടെ വച്ചാണ് സാർത്ര്, കാഫ്ക, കാമു തുടങ്ങിയവരുടെ കൃതികൾ ഞാൻ വായിക്കുന്നത്. അതെല്ലാം ഇംഗ്ലീഷിലായിരുന്നു. സാർത്രിന്റെ അസ്ഥിത്വ ദർശനത്തിലും അവർ പങ്കുവച്ചിരുന്ന ശൂന്യതാബോധത്തിലും ആകൃഷ്ടനായ ഞാൻ ഇക്കാര്യങ്ങൾ മലയാളികൾക്ക് പരിചയപ്പെടുത്തുന്നതിനായി മലയാളത്തിൽ ഒരു കുറിപ്പ് വരണമെന്ന് ആഗ്രഹിച്ചു. 'ബിയിങ്ങ് ആന്റ് നത്തിംഗ്നെസ്' എന്ന സാർത്രിന്റെ പ്രബന്ധമാണ് എന്നെ ഏറെ ആകർഷിച്ചത്. അദ്ദേഹത്തിന്റെ അക്കാദമിക് ഗവേഷണ പ്രബന്ധം കൂടിയായിരുന്നു അത്. എം. ഗോവിന്ദനുമായി കത്തിടപാടുകളിലൂടെ അന്ന് എനിക്ക് ചെറിയ ബന്ധമുണ്ടായിരുന്നു. ഗോവിന്ദന്റെ പത്രാധിപത്യത്തിൽ മദ്രാസിൽ നിന്നും സമീക്ഷ മാസിക പ്രസിദ്ധീകരിച്ചിരുന്ന സമയം കൂടിയായിരുന്നു അത്. സമീക്ഷയിലൂടെ സാർത്രിന്റെ ചിന്തകൾ മലയാളികൾക്ക് പരിചയപ്പെടുത്തിക്കൂടേ എന്ന് ഞാൻ ഗേവിന്ദന് കത്തെഴുതി ചോദിച്ചു. ഞാൻ തന്നെ എഴുതി തരണമെന്ന് പറഞ്ഞുകൊണ്ട് ഉടൻ തന്നെ ഗോവിന്ദന്റെ മറുപടി കിട്ടി. സാർത്രിന്റെ ചില പുസ്തകങ്ങളും ലേഖനങ്ങളും കൂടി അദ്ദേഹം എനിക്ക് അയച്ചുതന്നു. അതോടെ ഞാൻ എഴുതാൻ ബാധ്യസ്ഥനായിത്തീർന്നു. പ്രശസ്തരായിരുന്നവർ മാത്രം എഴുതിയിരുന്ന സമീക്ഷയിൽ ആദ്യമായി എഴുതുന്നതിന്റെ കരുതലോടെ ഞാൻ ലേഖനം പൂർത്തിയാക്കി. വലിയ എഡിറ്റിംഗ് ഒന്നും വരുത്താതെതന്നെ 'ജീൻപോൾ സാർത്ര്' എന്ന തലക്കെട്ടിൽ അത് അടുത്തലക്കത്തിൽ അടിച്ചുവരുകയും ചെയ്തു. സാർത്രിനെ മലയാളത്തിൽ ആദ്യമായി പരിചയപ്പെടുത്താൻ കഴിഞ്ഞെങ്കിലും കുറച്ചുനാളുകൾക്കുള്ളിൽ തന്നെ എന്റെ ഉള്ളിൽ ചില സംശയങ്ങൾ രൂപപ്പെടാൻ തുടങ്ങി. മുഖ്യമായും അസ്ഥിത്വ ദർശനത്തെക്കുറിച്ചായിരുന്നു സംശയം. അത് മുന്നോട്ട് വയ്ക്കുന്ന ശൂന്യതാബോധത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ എന്നെ തൃപ്തിപ്പെടുത്താതെയായി. പൗരസ്ത്യദേശങ്ങളിലെ ബുദ്ധ സങ്കൽപ്പങ്ങളെല്ലാം ശൂന്യതാ ബോധത്തെ അതിലും മനോഹരമായി നിർവചിക്കുന്നതായി തോന്നി. അങ്ങനെ എന്റെ വായനകളുടെ സ്വഭാവവും മാറി.

ആ സമയത്താണ് ഞാൻ യാദൃശ്ചികമായി ഇല്ലിച്ചിൽ എത്തിച്ചേരുന്നത്. ഡീ സ്കൂളിംഗ് സൊസൈറ്റി എന്ന ഇല്ലിച്ചിന്റെ പുസ്തകം എന്റെ ചിന്തകളെ മാറ്റിമറിച്ചു. സാക്ഷരൻ-നിരക്ഷരൻ എന്ന വിഭജനം സൃഷ്ടിക്കുന്ന വിദ്യഭ്യാസ പ്രക്രിയയുടെ ഉള്ളിലെ പരിമിതികൾ തിരിച്ചറിയാൻ തുടങ്ങി. അത്തരം അടിസ്ഥാന വിഷയങ്ങളിൽ നിന്നുകൊണ്ടു തന്നെ പുതിയ ചിന്തകൾ രൂപപ്പെടുത്തേണ്ടുന്നതിന്റെ അനിവാര്യത ബോധ്യമായി. അങ്ങനെയാണ് ഫുക്കുവോക്കയും കുമരപ്പയുമെല്ലാം എന്റെ വായനകളിലേക്ക് കടന്നുവരുന്നത്. ഒരു വിത്തിന്റെ ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന സൃഷ്ടിയുടെ അനന്തമായ ഊർജ്ജത്തിന് മുന്നിൽ വിനീതനായിക്കൊണ്ട് ആ ചൈതന്യത്തെ നിലനിർത്തുകയാണ് വേണ്ടതെന്ന പാരിസ്ഥിക ബോധ്യത്തിലേക്ക് ഞാൻ എത്തിച്ചേർന്നു.

എന്തായാലും സാർത്രിന്റെ അസ്ഥിത്വ ദർശനത്തിന് ഉള്ളതിനേക്കാൾ കൂടുതൽ അന്വേഷകർ ഇന്ന് കുമരപ്പയേയും ഫുക്കുവോക്കയേയും തേടിയെത്തുന്നുണ്ട് എന്നതിൽ സന്തോഷമുണ്ട്.■